ഉത്തരം

(എ) ഉണ്ട്.

(ബി) സെലക്റ്റ് ചെയ്തിരുന്ന 120 പേരിൽ രണ്ടു പേരെ ലിസ്റ്റിൽനിന്നു നീക്കം ചെയ്തു.

(സി) ഇതിലെ സൂചന ശരിയല്ല. എന്നാൽ റിക്രൂട്ട് പി. സി. 42 മധുസൂദനൻ നായരെ മർദ്ദിക്കുകയും ജോലിക്കു തടസ്സപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ അയാളുടെ പരാതി അനുസരിച്ചു സെക്ഷൻസ് 294-ß 332, 224, 34 ഐ. പി. സി. പ്രകാരം ഇവരുടെ പേരിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ 22/79-ാം നമ്പരായി കേസ് റജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതി ഉന്നയിച്ചവരെ മർദ്ദിച്ചു എന്ന ആരോപണത്തെ ദക്ഷിണമേഖലാ ഡി. ഐ. ജി. അന്വേഷിക്കുകയും അടിസ്ഥാനരഹിതമാണെന്നു തെളിയുകയും ചെയ്തു.

(ഡി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

എസ്. എ. പി.--ക്കാർക്കു പി. ടി. എ. നൽകാൻ വ്യവസ്ഥ

845 [1289] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാ വിഭാഗമായ കെ. എ. പി., എ. എസ്. പി. തുടങ്ങിയ എല്ലാ വിഭാഗം പോലീസുകാർക്കും പി.ടി.എ. നൽകുമ്പോൾ എസ്. എ. പി. ക്കാർക്കു മാത്രം പി. ടി. എ. നൽകാതിരിക്കുന്നതിന്റെ കാരണമെന്താണ്;

(ബി) ജോലിയിലോ സേവനവേതന വ്യവസ്ഥകളിലോ യാതൊരു വ്യത്യാസവുമില്ലാതിരിക്കെ ഇതര പോലീസ് സേനാ വിഭാഗങ്ങൾക്കു നൽകുന്ന പി. ടി. എ., എസ്. എ. പി.-ക്കാർക്കുകൂടി നൽകാൻ വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സായുധസേനാ ബറ്റാലിയനുകളായ എം. എസ്. പി., എസ്. എ. പി., കെ. എ. പി. 1, കെ. എ. പി. 2 എന്നിവയിൽ ജോലി ചെയ്യുന്ന ആർക്കും തന്നെ പി. ടി. എ. കൊടുക്കുന്നില്ല.

(ബി) പോലീസ് സായുധസേനാ വിഭാഗങ്ങൾക്കു മറ്റു പോലീസ് സൈന്യത്തെപ്പോലെ കൂടെക്കൂടെ യാത്ര ചെയ്യേണ്ട ആവശ്യം വരുന്നില്ല. അതിനാൽ അവർക്കു പി. ടി. എ. നൽകേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly